# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3028        18.06.2019 ൽ മറുപടിക്ക്**

## ഐ.സി.റ്റി.സെല്ലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി.ജോർജ്ജ്** | **പ്രൊഫ. സി.രവീന്ദ്രനാഥ്**<br>**( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഐ.സി.റ്റി. സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എ) ഹയർ സെക്കണ്ടറി അക്കാദമിക വിഭാഗത്തിന്റെ ഭാഗമായി ഒന്നാം വർഷ ഓൺലയിൻ പ്രവേശനം സാധ്യമാക്കുന്ന വിഭാഗമാണ് ഐ.സി.റ്റി. സെൽ. ഡിപ്പാർട്ട് മെന്റിന്റെ വിവിധ ഇ - ഓഫീസ് പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി തയ്യാറാക്കുന്ന സോഫ്റ്റ് വെയർ മോഡ്യൂളുകൾ ടെസ്റ്റ് ചെയ്ത് പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതും ഏകജാലക അലോട്ട്മെന്റ് പ്രക്രിയയുടെ കോർഡിനേഷനും ഐ.സി.റ്റി. സെല്ലാണ് നിർവ്വഹിക്കുന്നത്.

( ബി) പ്രസ്തുത ഓഫീസിൽ സ്ഥിരം ജീവനക്കാർ, അന്യത്ര സേവനത്തിൽ ജോലിചെയ്യുന്നവർ എന്നിവർ ആരൊക്കെയാണെന്നും ഇവർ എത്ര വർഷമായി ജോലി ചെയ്തു വരുന്നുവെന്നും വിശദമാക്കാമോ;

(ബി) നിലവിൽ അംഗീകൃത പോസ്റ്റുകൾ ഇല്ല. ഐ.സി.റ്റി. സെല്ലിലെ ജോലിക്കായി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത്. നിലവിൽ മൂന്ന് അദ്ധ്യാപകർ പ്രവർത്തിക്കുന്നുണ്ട്. അലോട്ട്മെന്റ് പ്രക്രിയ നടക്കുന്ന ഏകദേശം മൂന്ന് മാസ കാലയളവിൽ 10 മുതൽ 14 വരെ അദ്ധ്യാപകരെ താൽക്കാലികമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമി ക്കാറുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഓഫീസിലെ കരാർ ജീവനക്കാർ, ദിവസ വേതന ജീവനക്കാർ എത്ര പേരാണെന്നും അവർ എത്ര വർഷമായി ജോലി ചെയ്തു വരുന്നുവെന്നും വ്യക്തമാക്കാമോ? | (സി) | കരാർ ജീവനക്കാരും, ദിവസ വേതന ജീവനക്കാരും പ്രവർത്തിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**